**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1591** **07-02-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | തുറമുഖത്തിന്റെ പോർട്ട് ഓപ്പറേഷൻ ബിൽഡിംഗും 220 KV സബ്സ്റ്റേഷനും സ്വിച്ച് യാർഡ് കോംപ്ലക്സും പൂർത്തികരിച്ച് ഉദ്ഘാടനം നടത്തുകയും, പോർട്ട് സബ്സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ്, എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിലവിലെ പുരോഗതി ചുവടെ ചേർത്തിരിക്കുന്നു. |
| (ബി) | ഈ തുറമുഖത്തിന്റെ കമ്മീഷനിംഗ് സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ; | (ബി) | 2023 സെപ്റ്റംബറിൽ ആദ്യകപ്പൽ വിഴിഞ്ഞത്തെത്തിക്കാൻ കഴിയുന്ന തരത്തിൽ പ്രവൃത്തികൾ നടത്തുവാനാണ് കരാർ കമ്പനിയോട് നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | കേരളത്തിന്റെ വ്യവസായ, വാണിജ്യ, സാമ്പത്തിക മേഖലകളിൽ വിഴിഞ്ഞം തുറമുഖം ഉണ്ടാക്കുന്ന സ്വാധീനം വിശദമാക്കാമോ? | (സി) | വിഴിഞ്ഞം തുറമുഖം നിലവിൽ വരുന്നതോടുകൂടി കേരളത്തിന്റെ വ്യവസായ, വാണിജ്യ, സാമ്പത്തിക മേഖലകളിൽ ഉണ്ടാകാവുന്ന പുരോഗതി ചുവടെ ചേർത്തിരിക്കുന്നു.<br><br>1. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ വഴിയുള്ള ചരക്ക് കൈകാര്യം ചെയ്യാൻ വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാ കുന്നതോടെ സാധ്യമാകും.<br>2. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ടത്തിൽ പ്രതിവർഷം 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാവുന്നതാണ്.<br>3. അന്താരാഷ്ട്ര കപ്പൽ പാതയ്ക്ക് ഏറ്റവും അടുത്ത് (10 നോട്ടിക്കൽ മൈൽ) ആയതിനാൽ, കൊളംബോ, സിംഗപ്പൂർ, സലാല, ദുബായ് തുറമുഖങ്ങൾക്ക് പ്രതിവർഷം ലഭിച്ചിരുന്ന 2500 കോടി രൂപയുടെ ചരക്കുനീക്കം വിഴിഞ്ഞം തുറമുഖം വഴി ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | | 4. കയറ്റുമതി-ഇറക്കുമതി വ്യാപാരത്തിൽ കണ്ടെയ്നർ ഒന്നിന് 8000 മുതൽ 10,000 രൂപ വരെ ഇതുമൂലം ലാഭിക്കാൻ കഴിയും.<br>5. വിഴിഞ്ഞം യാഥാർത്ഥ്യമാകുമ്പോൾ ചരക്ക് നീക്കത്തിനുള്ള കൂലി ഗണ്യമായി കുറയുന്നതോടെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാ നാകും.<br>6. വിഴിഞ്ഞം തുറമുഖത്തിലൂടെ കയറ്റുമതിയും ഇറക്കുമതിയും വർധിക്കുന്നതിലൂടെ കേരളത്തിന്റെ വ്യവസായ മേഖലയിൽ വൻ കുതിച്ചു ചാട്ടം ഉണ്ടാകും.<br>7. തുറമുഖം വഴി കൈകാര്യം ചെയ്യുന്ന ഓരോ കണ്ടെയ്നറിനും ശരാശരി 6 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടും എന്ന് കണക്കാക്കുന്നു.<br>8. തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ, തുറമുഖാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിതമാകുവാനും അതുവഴി പ്രാദേശിക വികസനവും നിരവധി തൊഴിലവസരങ്ങളും വന്നു ചേരുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | നിർമ്മാണ പ്രവർത്തി | പൂർത്തീക രിക്കേ ണ്ടിയിരുന്നത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3102 മീറ്റർ നീളം | പുലിമുട്ട് 1850 മീറ്റർ നിർമ്മാണം പൂർത്തീകരിച്ചി ട്ടുണ്ട് |
| 2 | ഡ്രെഡ്ജിംഗ് | 7 ദശലക്ഷം ഘനമീറ്റർ | 2.31 ദശലക്ഷം ഘനമീറ്റർ |
| 3 | റിക്ലമേഷൻ | 53 ഹെക്ടർ | 35 ഹെക്ടർ |
| 4 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗും ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികളും 100% പൂർത്തീകരിച്ചി ട്ടുണ്ട്. |
| 5 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിന്റെ ഏകദേശം 5.4 ഹെക്ടർ പണികൾ പൂർത്തീകരിച്ചി ട്ടുണ്ട്. |
| 6 | തുറമുഖ പ്രവർത്തനത്തിനുള്ള യന്ത്രോപ പകരണ ങ്ങൾ (ക്രെയ്നുകൾ, ടഗ് ബോട്ടു കൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതി നുള്ള പ്രധാന ക്രെയ്നുകൾ - 8 എണ്ണം, യാർഡ്ക്രെയ്നുകൾ - 24 എണ്ണം | നിർമ്മാണം പുരോഗമിക്കുന്നു |
| | | ടഗ് ബോട്ടുകൾ-4 എണ്ണം | 4 ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായി. |